F2-17153/2017

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, 5th ഫ്ലോർ
തിരുവനന്തപുരം
e-mailid-swdkerala@gmail.com
തീയതി: 12-07-2018

**സാമൂഹ്യനീതി ഡയറക്ടർ**
തിരുവനന്തപുരം

**സാമൂഹ്യ നീതി വകുപ്പിലേയും**
**വനിതാ ശിശുവികസന വകുപ്പിലേയും**
എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
ക്ഷേമ സ്ഥാപന മേധാവികൾക്കും

**വിഷയം:** സാമൂഹ്യനീതി വകുപ്പ് / വനിതാശിശുവികസന വകുപ്പ് – കേടായ ബയോമെട്രിക് പഞ്ചിംഗ് മെഷീൻ വിവരശേഖരണം സംബന്ധിച്ച്.

**സൂചന:**
1. സ.ഉ (കൈ) നം. 108/2018/പൊഭവ തീയതി, തിരുവനന്തപുരം, 18-05-2018
2. സാമൂഹ്യനീതി ഡയറക്ടറുടെ ചേമ്പറിൽ 11-07-2018 തീയതിയിൽ നടന്ന മീറ്റിംഗ്.

സൂചന (1)-ലെ ഉത്തരവിൽ എല്ലാ സർക്കാർ ജീവനക്കാരുടെയും അറ്റൻഡൻസ് ബയോമെട്രിക് പഞ്ചിംഗ് മെഷീനിൽ രേഖപ്പെടുത്തുവാനും അവ സ്പാർക്കുമായി ബന്ധിപ്പിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി സാമൂഹ്യനീതി വകുപ്പിലേയും വനിതാ ശിശുവികസന വകുപ്പിലേയും എല്ലാ ജീവനക്കാരേയും ബയോമെട്രിക് പഞ്ചിംഗ് മെഷീനിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ എല്ലാ ഓഫീസിലും ബയോമെട്രിക് പഞ്ചിങ് മെഷീൻ സജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ സാമൂഹ്യനീതി വകുപ്പിലെയും വനിതാ ശിശു വികസന വകുപ്പിലേയും എല്ലാ ഓഫീസ് മേധാവികളും ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കേണ്ടതാണ്. UPS-ന്റെ

പ്രവർത്തനക്ഷമതകൂടി വിലയിരുത്തി പ്രവർത്തനക്ഷമമല്ലാത്ത മെഷീനുകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് 16-07-2018 ഉച്ചയ്ക്ക് 2 മണിക്ക് മുമ്പായി ഈ ഓഫീസിലേക്ക് **sjdbiometric@gmail.com** എന്ന അഡ്രസ്സിൽ മെയിൽ ചെയ്യുവാൻ അറിയിക്കുന്നു. ഈ മെയിൽ അഡ്രസ്സിലല്ലാതെയുള്ളവ പരിഗണിക്കുന്നതല്ല. മെഷീൻ കേടായത് സംബന്ധിച്ച് ഇതിനു മുൻപ് റിപ്പോർട്ട് തന്നവരും പുതുതായി വിവരം അറിയിക്കേണ്ടതാണ്.

കെൽട്രോണുമായി എഗ്രിമെൻറ് വെച്ച് കേടുപാടുകൾ തീർക്കുന്നതിന് വേണ്ടിയാണ് ഈ വിവരശേഖരണം. കേടുപാടുകൾ / പ്രവർത്തനരഹിതം യഥാസമയം അറിയിക്കാത്ത സാഹചര്യമുണ്ടായി കെൽട്രോണിലെ ജീവനക്കാർ ഏതെങ്കിലും ഓഫീസിൽ പ്രത്യേകമായി വരേണ്ടി വന്നാൽ ആയതിനുള്ള സാമ്പത്തിക ചെലവടക്കമുള്ള ഉത്തരവാദിത്വം അതാത് ഓഫീസ് മേധാവികൾക്കായിരിക്കും. ആയതിനാൽ മെഷീൻ സംബന്ധമായി ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ അവ കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു.

ഇത് സാമൂഹ്യനീതി വകുപ്പിലേയും വനിതാ ശിശുവികസന വകുപ്പിലേയും എല്ലാ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും, പ്രോഗ്രാം ഓഫീസർമാരും അവരവരുടെ പരിധിയിൽപ്പെട്ട കീഴ്ക്കാര്യാലയങ്ങളിലെ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി